(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഏകജാലക ക്ളിയറൻസ് സംവിധാനം

1 (1998) ശ്രീ. ടി. കെ. ബാലൻ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യവസായ സ്ഥാപനങ്ങൾക്കും യൂണിറ്റുകൾക്കും അനുമതിയും ലൈസൻസും നൽകാനുള്ള ഏകജാലക ക്ളിയറൻസ് സംവിധാനം നടപ്പാക്കിയതിനുശേഷം നാളിതുവരെ എത്ര അനുമതിയും ലൈസൻസും നൽകിയെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഏകജാലക ക്ളിയറൻസ് സംവിധാനം ഏർപ്പെടുത്തുന്നതിലേയ്ക്ക് പ്രാദേശിക, ജില്ലാ, സംസ്ഥാനതല ബോർഡുകൾ രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഓരോ ബോർഡിന്റെയും ഘടന എന്തെന്ന് വെളിപ്പെടുത്തുമോ ;

(സി) പുതിയതായി ആരംഭിക്കാനുദ്ദേശിക്കുന്ന വ്യവസായ സ്ഥാപനങ്ങൾക്കും യൂണിറ്റുകൾക്കും അനുമതിയും ലൈസൻസും ലഭിച്ചതിനുശേഷം വൈദ്യുതി, ജലവിതരണം, തുടങ്ങിയ അനുബന്ധ വിഷയങ്ങളിൽ അനുമതിക്കായി പ്രത്യേക അപേക്ഷ നൽകേണ്ടതായി വരുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് ഏകജാലക സംവിധാനം നടപ്പാക്കുന്നതിനുമുമ്പ് വ്യവസായ സ്ഥാപനങ്ങളും യൂണിറ്റുകളും അനുമതിക്കും ലൈസൻസിനുമായി സമർപ്പിച്ചിരുന്ന അപേക്ഷകൾ തീർപ്പുകൽപ്പിക്കാതെ കെട്ടിക്കിടപ്പുണ്ടോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ :

(ഇ) തീർപ്പാകാതെ കെട്ടിക്കിടക്കുന്ന അപേക്ഷകളിൻമേൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഏകജാലക ക്ളിയറൻസ് സംവിധാനം നിലവിൽ വന്നത് 1-6-2000-ത്തിലാണ്. ആയതിനാൽ വിശദ വിവരം ഇപ്പോൾ പറയാറായിട്ടില്ല.

(ബി) ഉണ്ട്. പ്രാദേശിക ജില്ലാ സംസ്ഥാനതലബോർഡുകളുടെ ഘടന വ്യക്തമാക്കിക്കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനങ്ങളുടെ പകർപ്പുകൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒരു ഏകീകൃത അപേക്ഷാഫോറം മുഖേനയാണ് വൈദ്യുതിയും ജലവിതരണവും ഉൾപ്പെടുത്തിയിരിക്കുന്നു.

(ഡി & ഇ) വിവരം ശേഖരിച്ചുവരുന്നു.

ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കുന്നതിന് നടപടി

2 (1999) ശ്രീ ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലേ ഓഫ് മൂലവും ലോക്കൗട്ട് മൂലവും എത്ര വ്യവസായ സ്ഥാപനങ്ങൾ പൂട്ടിക്കിടക്കുന്നുണ്ട് ;

(ബി) തൊഴിലാളികളുടെ സമരം മൂലം എത്ര സ്ഥാപനങ്ങൾ പ്രവർത്തനരഹിതമായിട്ടുണ്ട് ;

(സി) ഓരോ ഫാക്ടറിയും ഇത്തരത്തിലുള്ള ഏതെങ്കിലും കാരണത്താൽ പ്രവർത്തിക്കാതിരിക്കുന്നുണ്ടെങ്കിൽ അത് എന്നു വർഷം മുതലാണ് ;

(ഡി) ഈ സ്ഥാപനങ്ങളിൽ ഓരോന്നിലും എത്ര പേർ നേരിട്ടും എത്ര ആളുകൾ പരോക്ഷമായും ജോലി ചെയ്യുന്നുണ്ട് ;

(ഇ) പ്രസ്തുത ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സംസ്ഥാനത്ത് 31-3-2000-ത്തിലെ കണക്കനുസരിച്ച് ലേ ഓഫ് മൂലം 12-ഉം ലോക്കൗട്ട് മൂലം 17-ഉം വ്യവസായശാലകൾ പൂട്ടിക്കിടക്കുന്നുണ്ട്.

(ബി) തൊഴിലാളികളുടെ സമരം മൂലം 5 വ്യവസായശാലകൾ പ്രവർത്തനരഹിതമായിട്ടുണ്ട്.

(സി & ഡി) വിശദ വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഇ) അടച്ചിട്ട ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി അതാത് ജില്ലകളിലെ അനുരഞ്ജന ഉദ്യോഗസ്ഥരായ ജില്ലാ ലേബർ ഓഫീസറന്മാർ 1947-ലെ വ്യവസായ തർക്ക നിയമമനുസരിച്ച് തൊഴിലാളി പ്രതിനിധികളെയും തൊഴിലുടമ പ്രതിനിധികളെയും അനുരഞ്ജന ചർച്ചയ്ക്കായി വിളിക്കുകയും തർക്കം പരിഹരിച്ചില്ലായെങ്കിൽ മേൽ ഉദ്യോഗസ്ഥരായ റീജിയണൽ ലേബർ കമ്മീഷണറോ, ലേബർ കമ്മീഷണറോ ഇടപെട്ട് അനുരഞ്ജന ചർച്ചകളിലൂടെ തർക്കം പരിഹരിച്ച് ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ശ്രമിച്ചു വരുന്നു. തർക്കം പരിഹരിച്ചാൽ 1947-ലെ തൊഴിൽ തർക്ക നിയമത്തിലെ 12 (3) വകുപ്പു പ്രകാരം കരാറുകൾ ഉണ്ടാക്കി സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കുകയും തർക്കം പരിഹരിക്കാൻ കഴിഞ്ഞില്ലായെങ്കിൽ ടി നിയമത്തിലെ 10 (1) (സി), (ഡി)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly